**ഉത്തരവാദപ്പെട്ടവർക്കും മൂപ്പന്മാർക്കും വേണ്ടിയുള്ള**
**അന്താരാഷ്ട്ര പരിശീലനം**
ഒക്ടോബർ 2024
പൊതുവിഷയം:
ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നു

ദൂത് എട്ട്
**രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നതും ജാതികളെ ശിഷ്യരാക്കുന്നതും**

MC *Hymns*: E1299

തിരുവെഴുത്ത് വായന: മത്താ. 12:28; 24:14; 28:18-20;
മർക്കൊ. 4:26-29; ലൂക്കൊ. 17:21; വെളി. 6:1-2; 14:4

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

മത്താ. 24:14 രാജ്യത്തിന്റെ ഈ സുവിശേഷം, സകല ജാതികൾക്കും ഒരു സാക്ഷ്യത്തിനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിലും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.

മത്താ. 28:18 യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

മത്താ. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

മർക്കൊ. 4:27 പിന്നെ രാത്രിയും പകലും ഉറങ്ങിയും ഉണർന്നും, വിത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്നു, എങ്ങനെ എന്ന് അവൻ അറിയുന്നില്ല.

മർക്കൊ. 4:28 ഭൂമി തന്നെത്താൻ ഫലം കായ്ക്കുന്നു, ആദ്യം ഇലയും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ ധാന്യവും.

മർക്കൊ. 4:29 എന്നാൽ ഫലം വിളയുമ്പോൾ, കൊയ്ത്തു വന്നതിനാൽ ഉടനെ അവൻ അരിവാൾ അയയ്ക്കുന്നു.

ലൂക്കൊ. 17:21 ഇതാ, അത് ഇവിടെ! അല്ലെങ്കിൽ അവിടെ! എന്നും അവർ പറയുകയില്ല. എന്തെന്നാൽ ഇതാ, ദൈവരാജ്യം നിങ്ങളുടെ മധ്യേ ഉണ്ട്.

വെളി. 6:1 പിന്നെ ഞാൻ കണ്ടത്, കുഞ്ഞാട് ഏഴു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ, നാലു ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ, വരിക എന്നു പറയുന്നത് ഞാൻ കേട്ടു.

വെളി. 6:2 ഇതാ, ഒരു വെള്ളക്കുതിരയെ ഞാൻ കണ്ടു, അതിന്മേൽ ഇരിക്കുന്നവന് ഒരു വില്ലുണ്ട്; അവന് ഒരു കിരീടവും നൽകി, അവൻ കീഴടക്കിക്കൊണ്ടും കീഴടക്കുവാനും പുറപ്പെട്ടു.

വെളി. 14:4 അവർ കന്യകമാരായതിനാൽ സ്ത്രീകളോടുകൂടെ മലിനപ്പെടാത്തവർ. അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു

വിലയ്ക്കു വാങ്ങിയിരിക്കുന്നു.

**I. ഈ യുഗം പരിണതിപ്രാപിക്കേണ്ടതിന് രാജ്യത്തിന്റെ വിത്തിന്റെ, ജീനിന്റെ (gene), വ്യാപനത്തിനും വികാസത്തിനും വേണ്ടി, ആൾപ്പാർപ്പുള്ള സർവഭൂമിയിലും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ കുഞ്ഞാട് പോകുന്നിടത്തെല്ലാം നാം അവനെ അനുഗമിക്കേണ്ടതുണ്ട്—മത്താ. 24:14; മർക്കൊ. 4:26:**

വെളി. 14:4 അവർ കന്യകമാരായതിനാൽ സ്ത്രീകളോടുകൂടെ മലിനപ്പെടാത്തവർ. അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു.

മത്താ. 24:14 രാജ്യത്തിന്റെ ഈ സുവിശേഷം, സകല ജാതികൾക്കും ഒരു സാക്ഷ്യത്തിനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിലും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

A. ദൈവരാജ്യം ക്രിസ്തുതന്നെയാണ്—ലൂക്കൊ. 17:21; മത്താ. 12:28:

ലൂക്കൊ. 17:21 ഇതാ, അത് ഇവിടെ! അല്ലെങ്കിൽ അവിടെ! എന്നും അവർ പറയുകയില്ല. എന്തെന്നാൽ ഇതാ, ദൈവരാജ്യം നിങ്ങളുടെ മധ്യേ ഉണ്ട്.

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

1. ദൈവത്തിന്റെ ഭരണ മണ്ഡലമായി വികാസംപ്രാപിക്കുവാൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിൽ താൻ വളരേണ്ടതിനും, അവരിൽ ജീവിക്കേണ്ടതിനും അവരിൽനിന്ന് പുറത്തേക്ക് ആവിഷ്കരിക്കപ്പെടേണ്ടതിനും അവരിലേക്ക് വിതയ്ക്കപ്പെടുവാൻ, ദൈവരാജ്യത്തിന്റെ വിത്ത് അഥവാ ജീൻ (മർക്കൊ. 4:26-29; 1 കൊരി. 3:6-9) മനുഷ്യത്വത്തിലുള്ള ത്രിയേക ദൈവമാണ് (കൊലൊ. 2:9).

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

മർക്കൊ. 4:27 പിന്നെ രാത്രിയും പകലും ഉറങ്ങിയും ഉണർന്നും, വിത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്നു, എങ്ങനെ എന്ന് അവൻ അറിയുന്നില്ല.

മർക്കൊ. 4:28 ഭൂമി തന്നെത്താൻ ഫലം കായ്ക്കുന്നു, ആദ്യം ഇലയും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ ധാന്യവും.

മർക്കൊ. 4:29 എന്നാൽ ഫലം വിളയുമ്പോൾ, കൊയ്ത്തു വന്നതിനാൽ ഉടനെ അവൻ അരിവാൾ അയയ്ക്കുന്നു.

1 കൊരി. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

1 കൊരി. 3:7 അതിനാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ, നടുന്നവനോ നനയ്ക്കുന്നവനോ ഏതുമല്ല.

1 കൊരി. 3:8 നടുന്നവനും നനയ്ക്കുന്നവനും ഒന്നാകുന്നു, എന്നാൽ ഓരോരുത്തനും അവനവന്റെ അധ്വാനത്തിനൊത്തവണ്ണം അവനവന്റെ പ്രതിഫലം ലഭിക്കും.

1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

2. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് വിതയ്ക്കപ്പെടുവാനും അവരുടെ ഉള്ളിൽ ഒരു രാജ്യമായി വികസംപ്രാപിക്കുവാനും ത്രിയേക ദൈവം ജഡാവതാരം ചെയ്തു എന്നതാണ് പുതിയനിയമത്തിലെ മുഴുവൻ ഉപദേശത്തിന്റെയും അന്തഃസ്ഥിത മൂലകം.
3. ദൈവരാജ്യത്തിന്റെ പൂർണ വികസനമാണ് ദൈവത്തിന്റെ ലക്ഷ്യം:
   a. സുവിശേഷങ്ങളിൽ നമുക്ക് രാജ്യത്തിന്റെ വിത്തായ, ജീനിന്റെ വിതയ്ക്കൽ ഉണ്ട്—മർക്കൊ. 4:3, 14; മത്താ. 9:35.

      മർക്കൊ. 4:3 കേൾക്കുവിൻ! ഇതാ വിതയ്ക്കുന്നവൻ വിതയ്ക്കുവാനായി പുറപ്പെട്ടു.

      മർക്കൊ. 4:14 വിതയ്ക്കുന്നവൻ വചനം വിതയ്ക്കുന്നു.

      മത്താ. 9:35 യേശു അവരുടെ സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ടും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടും സകല വ്യാധിയെയും സകല ദീനത്തെയും സൗഖ്യമാക്കിക്കൊണ്ടും എല്ലാ പട്ടണങ്ങളും ഗ്രാമങ്ങളും ചുറ്റിസഞ്ചരിച്ചു.

   b. പ്രവൃത്തികളിൽ രാജ്യത്തിന്റെ വിത്തായ, ജീൻ ലഭിച്ച ആയിരിക്കണക്കിന് വിതക്കാരാലുള്ള ഈ വിതയ്ക്കലിന്റെ പ്രചരണവും വ്യാപനവും നമുക്കുണ്ട്—6:7; 12:24; 19:20.

      പ്രവൃ. 6:7 ദൈവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

      പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

      പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

   c. ലേഖനങ്ങളിൽ രാജ്യത്തിന്റെ വിത്തായ, ജീനിന്റെ വളർച്ചയെ നാം കാണുന്നു—1 കൊരി. 3:6, 9; 2 പത്രൊ. 1:3-11.

      1 കൊരി. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

      1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

      2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

      2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

      2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

      2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 പത്രൊ. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

2 പത്രൊ. 1:9 എന്തെന്നാൽ ഈ കാര്യങ്ങൾ ഉള്ളിൽ ഇല്ലാത്തവൻ, ഹ്രസ്വദൃഷ്ടിയുള്ളവനായി, തന്റെ പൂർവകാല പാപങ്ങളുടെ കഴുകൽ മറന്നുപോയ കുരുടനാകുന്നു.

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല.

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

d. വെളിപ്പാട് പുസ്തകത്തിൽ ആദ്യഫലങ്ങളുടെയും കൊയ്ത്തിന്റെയും വിളവെടുപ്പോടുകൂടെ ഈ വിത്തിന്റെ കൊയ്ത്ത് കാണപ്പെടുന്നു—14:4, 15-16; മർക്കൊ. 4:29; മത്താ. 13:39.

വെളി. 14:4 അവർ കന്യകമാരായതിനാൽ സ്ത്രീകളോടുകൂടെ മലിനപ്പെടാത്തവർ. അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു.

വെളി. 14:15 പിന്നെ മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്ന് പുറത്തുവന്നു, മേഘത്തിന്മേൽ ഇരിക്കുന്നവനോട്, നിന്റെ അരിവാൾ അയച്ചു കൊയ്യുക, ഭൂമിയിലെ കൊയ്ത്തു വിളഞ്ഞുണങ്ങിയിരിക്കുന്നതിനാൽ കൊയ്യുവാനുള്ള നാഴിക വന്നിരിക്കുന്നു എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

വെളി. 14:16 മേഘത്തിന്മേൽ ഇരിക്കുന്നവൻ തന്റെ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിൽ കൊയ്ത്തു നടന്നു.

മർക്കൊ. 4:29 എന്നാൽ ഫലം വിളയുമ്പോൾ, കൊയ്ത്തു വന്നതിനാൽ ഉടനെ അവൻ അരിവാൾ അയയ്ക്കുന്നു.

മത്താ. 13:39 അവയെ വിതച്ച ശത്രു പിശാചാകുന്നു; കൊയ്ത്ത് യുഗത്തിന്റെ പരിണതിയാകുന്നു; കൊയ്യുന്നവർ ദൂതന്മാരാകുന്നു.

e. പുത്രൻ രാജാവായും "രാജ്യ-ജീൻ ജനം" ആയ എല്ലാ ജയാളികളും അവന്റെ സഹ-രാജാക്കന്മാരായുമുള്ള സഹസ്രാബ്ദ രാജ്യം രാജ്യത്തിന്റെ വിത്തായ, ജീനിന്റെ പൂർണ വികാസമായിരിക്കും—വെളി. 20:4, 6.

വെളി. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും

ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

വെളി. 20:6 ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല, അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും.

f. ദൈവത്തിന്റെ നിത്യ രാജ്യമായ പുതിയ യെരൂശലേം, നാല് സുവിശേഷങ്ങളിൽ നസറായനായ യേശു വിതച്ച രാജ്യത്തിന്റെ വിത്തായ, ജീനിന്റെ സമ്പൂർണ വികാസമാണ്—വെളി. 21:2; 22:1, 3, 5.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:3 ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും;

വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും..

B. തന്റെ ജഡാവതാരത്തിന്റെ ഘട്ടത്തിൽ തന്റെ സ്വർഗീയ രാജ്യം സ്ഥാപിക്കുന്നതിനുള്ള തന്റെ രാജകീയ ശുശ്രൂഷയിൽ, കർത്താവായ യേശു തന്നെത്തന്നെ ഒരു വൈദ്യനായും ഇടയനായും കൊയ്ത്തിന്റെ കർത്താവായും കണക്കാക്കി—മത്താ. 9:11-13, 35-38:

മത്താ. 9:11 പരീശന്മാർ ഇതു കണ്ടിട്ടു അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു.

മത്താ. 9:12 ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്.

മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

മത്താ. 9:35 യേശു അവരുടെ സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ടും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടും സകല വ്യാധിയെയും സകല ദീനത്തെയും സൗഖ്യമാക്കിക്കൊണ്ടും എല്ലാ

പട്ടണങ്ങളും ഗ്രാമങ്ങളും ചുറ്റിസഞ്ചരിച്ചു.

മത്താ. 9:36 പുരുഷാരത്തെ കണ്ടിട്ട്, അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ വലയ്ക്കപ്പെട്ടവരും തള്ളപ്പെട്ടവരും ആയതിനാൽ, അവരെക്കുറിച്ച് അവനു മനസ്സലിവുണ്ടായി.

മത്താ. 9:37 അപ്പോൾ അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു, കൊയ്ത്തു വളരെ ഉണ്ട്, എന്നാൽ വേലക്കാർ ചുരുക്കം;

മത്താ. 9:38 ആകയാൽ കൊയ്ത്തിന്റെ കർത്താവിനോടു തന്റെ കൊയ്ത്തിലേക്കു വേലക്കാരെ തള്ളിവിടുവാൻ തക്കവണ്ണം അപേക്ഷിക്കുവിൻ എന്നു പറഞ്ഞു.

1. അവന്റെ പുതിയതും സ്വർഗീയവുമായ പൗരന്മാരായി പുനഃസംരചിക്കപ്പെടേണ്ടതിന് ജനത്തെ സൗഖ്യമാക്കുവാനും പ്രത്യുദ്ധരിക്കുവാനും ജീവിപ്പിക്കുവാനും രക്ഷിക്കുവാനുമായി ഒരു വൈദ്യനായി ശുശ്രൂഷിക്കുവാൻ അവൻ വന്നു, അവരുമായി ചേർന്ന് ഈ ദുഷിച്ച ഭൂമിയിൽ തന്റെ സ്വർഗീയരാജ്യം സ്ഥാപിക്കുവാൻ അവനു കഴിയും—വാ. 11-13.

   മത്താ. 9:11 പരീശന്മാർ ഇതു കണ്ടിട്ടു അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു.

   മത്താ. 9:12 ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്.

   മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

2. ഇടയനില്ലാത്ത ആടുകളെപ്പോലെ അവർ വലയ്ക്കപ്പെടുകയും തള്ളപ്പെടുകയും ചെയ്തതുകൊണ്ടു അവന് ജനത്തോട് മനസ്സലിവുണ്ടായി; അവർ ഭവനരഹിതരും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് അലഞ്ഞുനടക്കുന്നവരും നിസ്സഹായരും ആയിരുന്നതിൽ, പീഡിതരും വ്യസനത്തിലായിരുന്നവരും ഞെരുക്കത്തിന്റെ അവസ്ഥയിൽ ആയിരുന്നവരും ആണെന്ന് അവൻ കണ്ടു—വാ. 35-36.

   മത്താ. 9:35 യേശു അവരുടെ സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ടും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടും സകല വ്യാധിയെയും സകല ദീനത്തെയും സൗഖ്യമാക്കിക്കൊണ്ടും എല്ലാ പട്ടണങ്ങളും ഗ്രാമങ്ങളും ചുറ്റിസഞ്ചരിച്ചു.

   മത്താ. 9:36 പുരുഷാരത്തെ കണ്ടിട്ട്, അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ വലയ്ക്കപ്പെട്ടവരും തള്ളപ്പെട്ടവരും ആയതിനാൽ, അവരെക്കുറിച്ച് അവനു മനസ്സലിവുണ്ടായി.

3. സ്വർഗരാജ്യത്തിന്റെ രാജാവ് തന്നെത്തന്നെ ആടുകളുടെ ഇടയനായി മാത്രമല്ല, വിളയുടെ ഉടമസ്ഥനായ കൊയ്ത്തിന്റെ കർത്താവായും കണക്കാക്കി; കൊയ്ത്ത് വളരെയും വേലക്കാർ ചുരുക്കവും ആയതിനാൽ, തന്റെ കൊയ്ത്തിലേക്ക് അവൻ വേലക്കാരെ തള്ളിവിടേണ്ടതിന് നാം കൊയ്ത്തിന്റെ കർത്താവിനോട് അപേക്ഷിക്കണം—വാ. 37-38; പ്ര.നി. 1 കൊരി. 3:6-9.

   മത്താ. 9:37 അപ്പോൾ അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു, കൊയ്ത്തു വളരെ ഉണ്ട്, എന്നാൽ വേലക്കാർ ചുരുക്കം;

മത്താ. 9:38 ആകയാൽ കൊയ്ത്തിന്റെ കർത്താവിനോടു തന്റെ കൊയ്ത്തിലേക്കു വേലക്കാരെ തള്ളിവിടുവാൻ തക്കവണ്ണം അപേക്ഷിക്കുവിൻ എന്നു പറഞ്ഞു.

1 കൊരി. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

1 കൊരി. 3:7 അതിനാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ, നടുന്നവനോ നനയ്ക്കുന്നവനോ ഏതുമല്ല.

1 കൊരി. 3:8 നടുന്നവനും നനയ്ക്കുന്നവനും ഒന്നാകുന്നു, എന്നാൽ ഓരോരുത്തനും അവനവന്റെ അധ്വാനത്തിനൊത്തവണ്ണം അവനവന്റെ പ്രതിഫലം ലഭിക്കും.

1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

C. തന്റെ ജഡാവതാരത്തിന്റെ ഘട്ടത്തിൽ തന്റെ സ്വർഗീയ രാജ്യത്തിന്റെ സ്ഥാപനത്തിനുള്ള അവന്റെ രാജകീയ ശുശ്രൂഷയിൽ, ദിവ്യ ത്രിത്വത്തിന്റെ കേന്ദ്രമെന്ന നിലയിൽ പുത്രൻ സമ്പൂർണമായും തന്നാലോ തനിക്കുവേണ്ടിയോ തനിക്കായോ ആയിരുന്നില്ല; അവൻ ചെയ്തതെല്ലാം ദൈവത്തിന്റെ ആത്മാവിനാലും പിതാവായ ദൈവത്തിന്റെ രാജ്യത്തിനുവേണ്ടിയും ആയിരുന്നു—മത്താ. 12:28:

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

1. ദിവ്യ ഏകോപനത്തോടുകൂടിയ ദിവ്യ ത്രിത്വത്തിന്റെ ഈ നീക്കം, ദിവ്യ ത്രിത്വത്തിലെ സ്വരചേർച്ചയും സൗന്ദര്യവും ശ്രേഷ്ഠതയും നമുക്ക് കാണിച്ചുതരുന്നു, കൂടാതെ അവന്റെ ശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ നമ്മുടെ ഏകോപനത്തിനായി തല സ്ഥാപിച്ച ശ്രേഷ്ഠവും മനോഹരവുമായ ഒരു മാതൃകയാണത്; ഇന്ന് സഭാജീവിതത്തിൽ, ശരിയായ ഏകോപനത്തിന്റെ അഭാവം നിമിത്തം ക്രിസ്തുവിന്റെ ശരീരം മതിയാംവണ്ണം കെട്ടുപണിചെയ്യപ്പെട്ടിട്ടില്ല.
2. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ നമ്മൾ സ്വയം ചെയ്യാതെ മറ്റു ചിലർ ചെയ്യേണ്ടതാണ്; കൂടാതെ, നമ്മൾ ചെയ്യുന്നത് നമുക്കുവേണ്ടിയായിരിക്കാതെ, ഈ ഭൂമിയിലെ ദൈവത്തിന്റെ താൽപ്പര്യത്തിനും അവകാശത്തിനും വേണ്ടിയായിരിക്കണം.

D. ഈ യുഗാവസാനത്തിനുമുമ്പ് എല്ലാ ജാതികൾക്കും ഒരു സാക്ഷ്യത്തിനായി രാജ്യത്തിന്റെ സുവിശേഷം ആൾപ്പാർപ്പുള്ള സർവ ഭൂമിയിലും പ്രസംഗിക്കപ്പെടും (24:14); വെളിപ്പാട് 6:1-2-ലെ ഒന്നാം മുദ്രയിലെ വെള്ളക്കുതിര സൂചിപ്പിക്കുന്ന ഈ പ്രസംഗം ഈ യുഗത്തിന്റെ പരിണതിയുടെ അടയാളമായിരിക്കും:

മത്താ. 24:14 രാജ്യത്തിന്റെ ഈ സുവിശേഷം, സകല ജാതികൾക്കും ഒരു സാക്ഷ്യത്തിനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിലും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.

വെളി. 6:1 പിന്നെ ഞാൻ കണ്ടത്, കുഞ്ഞാട് ഏഴു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ, നാലു ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ, വരിക എന്നു പറയുന്നത് ഞാൻ കേട്ടു.

വെളി. 6:2 ഇതാ, ഒരു വെള്ളക്കുതിരയെ ഞാൻ കണ്ടു, അതിന്മേൽ ഇരിക്കുന്നവന് ഒരു വില്ലുണ്ട്; അവന് ഒരു കിരീടവും നൽകി, അവൻ കീഴടക്കിക്കൊണ്ടും കീഴടക്കുവാനും പുറപ്പെട്ടു.

1. ഈ യുഗത്തിലെ ദൈവത്തിന്റെ നിസ്തുല ഉദ്ദേശം, പുതിയ യെരൂശലേമിൽ പരിണമിക്കുവാൻ ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സഭ പണിയപ്പെടേണ്ടതിന് സുവിശേഷം പ്രസംഗിക്കുക എന്നതാണ്—എഫെ. 3:8-11; റോമ. 1:1.

   എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

   എഫെ. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

   എഫെ. 3:10 അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും,

   എഫെ. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,

   റോമ. 1:1 ദൈവത്തിന്റെ, സുവിശേഷത്തിനായി വേർതിരിക്കപ്പെട്ട, ക്രിസ്തു യേശുവിന്റെ അടിമയും, വിളിക്കപ്പെട്ട അപ്പൊസ്തലനുമായ പൗലൊസ്,

2. ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷം പ്രസംഗിക്കുന്ന ജയാളികൾ വെള്ളക്കുതിരയുടെ സവാരിക്കാരായിത്തീരുന്നു—വെളി. 6:2; 19:11, 13-14.

   വെളി. 6:2 ഇതാ, ഒരു വെള്ളക്കുതിരയെ ഞാൻ കണ്ടു, അതിന്മേൽ ഇരിക്കുന്നവന് ഒരു വില്ലുണ്ട്; അവന് ഒരു കിരീടവും നൽകി, അവൻ കീഴടക്കിക്കൊണ്ടും കീഴടക്കുവാനും പുറപ്പെട്ടു.

   വെളി. 19:11 പിന്നെ ഞാൻ സ്വർഗം തുറക്കപ്പെട്ടതു കണ്ടു, ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു.

   വെളി. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

   വെളി. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

**II. ഇന്ന് ഈ ഭൂമിയിലുള്ള സഭയെന്ന തന്റെ രാജ്യം സ്ഥാപിക്കുവാൻ, സകല ജാതികളെയും രാജ്യജനമാക്കിക്കൊണ്ട് അവരെ ശിഷ്യരാക്കുവാൻ സ്വർഗീയ രാജാവ് തന്റെ അധികാരത്തോടെ തന്റെ ശിഷ്യന്മാരെ അയച്ചു—മത്താ. 28:18-20; റോമ. 14:17:**

മത്താ. 28:18 യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

മത്താ. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

A. ജാതികളെ ശിഷ്യരാക്കുക എന്നത് അവരെ ക്രിസ്തുവിന്റെ മരണത്തിലേക്കും (6:3-4) ക്രിസ്തുവിലേക്കുതന്നെയും (ഗലാ. 3:27) ത്രിയേക ദൈവത്തിലേക്കും (മത്താ. 28:19) ക്രിസ്തുവിന്റെ ശരീരത്തിലേക്കും (1 കൊരി. 12:13) സ്നാനപ്പെടുത്തുന്നതാണ്:

റോമ. 6:3 അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

ഗലാ. 3:27 ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

1 കൊരി. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

1. ക്രിസ്തുവിന്റെ അടക്കത്തോടുകൂടിയ മരണത്തെ സൂചിപ്പിക്കുന്ന വെള്ളം, സ്നാനമേറ്റവരുടെ പഴയ ചരിത്രം അവസാനിപ്പിക്കുന്ന ഒരു കല്ലറയായി കണക്കാക്കാം.
2. ക്രിസ്തുവിന്റെ മരണം ക്രിസ്തുവിൽ ഉൾപ്പെട്ടിരിക്കുന്നതിനാലും, ക്രിസ്തു ത്രിയേക ദൈവത്തിന്റെ ദേഹരൂപമായതിനാലും (കൊലൊ. 2:9), ത്രിയേക ദൈവം ക്രിസ്തുവിന്റെ ശരീരവുമായി ഒന്നായതിനാലും, പുതിയ വിശ്വാസികളെ സ്നാനപ്പെടുത്തുന്നത് അവരുടെ പഴയ ജീവിതം അവസാനിപ്പിക്കുകയും ക്രിസ്തുവിന്റെ ശരീരത്തിനുവേണ്ടി അവരെ ത്രിയേക ദൈവത്തിന്റെ നിത്യജീവനായ പുതിയ ജീവൻകൊണ്ട് മുളപ്പിക്കുകയും ചെയ്യുന്നതാണ്; ഇത് സ്വർഗരാജ്യത്തിനുവേണ്ടി ജനത്തെ അവരുടെ ജീവനിൽനിന്ന് ശരീര ജീവനിലേക്ക് സ്നാനപ്പെടുത്തുന്നതിനാണ്.

   കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

B. ജാതികളെ ശിഷ്യരാക്കുക എന്നതിനർഥം അവർ യേശുവിൽ യാഥാർഥ്യമുള്ളതുപോലെ ക്രിസ്തുവിനെ പഠിക്കേണ്ടതിന് ദിവ്യവും മാർമികവുമായ മണ്ഡലത്തിൽ അവരെ ദിവ്യ സത്യങ്ങൾ പഠിപ്പിക്കുക എന്നതാണ്—മത്താ. 28:20; എഫെ. 4:20-21:

മത്താ. 28:20 ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയും പ്രമാണിക്കുവാൻ അവരെ ഉപദേശിച്ചുകൊണ്ടും, സകല ജാതികളെയും ശിഷ്യരാക്കുവിൻ, ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്.

എഫെ. 4:20 യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ,

എഫെ. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

1. ഒന്നാമത്തെ ദൈവ-മനുഷ്യനെന്ന നിലയിൽ ക്രിസ്തുവിന്റെ മാതൃകയനുസരിച്ച് നമ്മുടെ സ്വാഭാവിക ജീവനെ ത്യജിക്കുന്നതിനാൽ ദിവ്യ ജീവനെ ജീവിച്ചുകൊണ്ട്, ഒരു സ്വാഭാവിക മനുഷ്യനായിരിക്കുന്നതിൽ നിന്ന് ഒരു ദൈവ-മനുഷ്യനാകുന്നതിന് നാം ശിഷ്യരാക്കപ്പെടുന്നു—മത്താ. 11:28-30.

   മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

   മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

   മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

2. ദൈവത്തിന്റെ നിത്യവ്യവസ്ഥ നമ്മിലൂടെ പരിണതിപ്രാപിക്കേണ്ടതിന് ക്രിസ്തുവിന്റെ എല്ലാ ദിവ്യവും മാർമികവുമായ ഉപദേശങ്ങളും അവന്റെ അനാവരണവും പ്രകാശനവും മാത്രമല്ല, അവന്റെ ദിവ്യ ജീവനിലുള്ള നമ്മുടെ വളർച്ചയ്ക്കും പക്വതയ്ക്കും വേണ്ടി നമുക്കായുള്ള അവന്റെ പോഷിപ്പിക്കലുംകൂടിയാണ്—എഫെ. 4:15-16.

   എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

   എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

## ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:

### സുവിശേഷത്തിന്റെ അന്തഃസ്ഥിത ഘടകം

ദൈവരാജ്യം എന്താണെന്ന് നാം കാണണം എന്നതാണ് എന്റെ ഭാരം. സുവിശേഷം ദൈവരാജ്യത്തിന്റെ സുവിശേഷമാണെന്ന് നാം കാണേണ്ടത് വളരെ പ്രധാനമാണ്. ഈ സുവിശേഷം യഥാർഥത്തിൽ രാജ്യത്തിന്റെ വിത്തായ ജീവ വിത്തെന്ന നിലയിൽ നമ്മിലേക്ക് വിതയ്ക്കപ്പെട്ട ദൈവമനുഷ്യനായ യേശു ക്രിസ്തുവാണ്. ഈ വിത്ത് ഇപ്പോൾ നമ്മിൽ വളരുകയും വികസിക്കുകയും ചെയ്യുന്നു. ഒടുവിൽ, ഈ വിത്തിന്റെ വളർച്ചയിൽ നിന്നും വികാസത്തിൽ നിന്നും ഒരു രാജ്യം ഉളവാകും.

കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നാം രാജ്യജീവിതം അഭ്യസിക്കുകയാണെന്ന് പറയുകയാണെങ്കിൽ, ഈ രാജ്യം സംഘടനാപരമായ ഒന്നല്ലെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അല്ല, ഈ രാജ്യം ആന്തരിക ജീവനിൽനിന്നുള്ള ഒന്നാണ്, ആ ജീവൻ യഥാർഥത്തിൽ കർത്താവായ യേശു ക്രിസ്തു തന്നെയാണ്. അവൻ നമ്മുടെ ആളത്തത്തിലേക്ക് ഒരു വിത്തായി വിതയ്ക്കപ്പെട്ടിരിക്കുന്നു, ഇപ്പോൾ അവൻ നമ്മുടെ ഉള്ളിൽ വളരുകയും വികസിക്കുകയും ചെയ്യുന്നു. ഈ വിത്ത് നമ്മിൽ ഓരോരുത്തരിലും ഉള്ളതിനാലും ഇപ്പോൾ നമ്മിൽ വളരുകയും വികസിക്കുകയും ചെയ്യുന്നതിനാലും കർത്താവിനെ സ്തുതിക്കുക! ഈ വിത്തിന്റെ വളർച്ചയും വികാസവും രാജ്യത്തിൽ പരിണമിക്കും. കൂടാതെ, ഈ രാജ്യം നമ്മെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുകയും അങ്ങനെ ദൈവത്തിന്റെ ലക്ഷ്യത്തിലെത്തുകയും ചെയ്യും. ഈ

ലക്ഷ്യം എന്താണെന്ന് നിങ്ങൾക്ക് അറിയാമോ? ഈ ലക്ഷ്യം ദൈവരാജ്യത്തിന്റെ പൂർണ വികാസമാണ്.
മർക്കൊസിന്റെ സുവിശേഷം കർത്താവിന്റെ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുന്നതായി നാം ചൂണ്ടിക്കാട്ടി. ആദ്യത്തെ മൂന്ന് അധ്യായങ്ങളിൽ സുവിശേഷ സേവനത്തിന്റെ ഉള്ളടക്കവും (1:14-45), സുവിശേഷ സേവനം നിർവഹിക്കാനുള്ള വഴികളും (2:1-3:6), സുവിശേഷ സേവനത്തിന്റെ സഹായ ക്രിയകളും (3:7-35) നാം കാണുന്നു. ഇപ്പോൾ 4-ാം അധ്യായത്തിൽ സുവിശേഷം എന്താണെന്ന് നാം കാണുന്നു. ഈ അധ്യായമനുസരിച്ച്, സുവിശേഷം എന്നത് കർത്താവായ യേശുവിൽ വിശ്വസിക്കുന്നവരിലേക്ക് വിതയ്ക്കപ്പെട്ട ജീവന്റെ വിത്താണ്, അങ്ങനെ ഈ വിത്ത് വളരുകയും വികസിക്കുകയും രാജ്യത്തിൽ പരിണമിക്കുകയും ചെയ്യുന്നു. പ്രത്യക്ഷത്തിൽ, സുവിശേഷം ഘോഷണത്തിന്റെയും ഉപദേശത്തിന്റെയും ഭൂതങ്ങളെ പുറത്താക്കുന്നതിന്റെയും രോഗികളെ സുഖപ്പെടുത്തുന്നതിന്റെയും കുഷ്ഠരോഗികളെ ശുദ്ധീകരിക്കുന്നതിന്റെയും വിഷയമാണ്. യഥാർഥത്തിൽ, സുവിശേഷത്തിന്റെ അന്തഃസ്തിതമായ മൂലകം നമ്മുടെ അസ്തിത്വത്തിലേക്ക് വിതക്കപ്പെട്ട ദൈവിക വിത്തായ, ദൈവ-മനുഷ്യനായ, ജഡാവതാരം ചെയ്ത ദൈവം ആണ്. സുവിശേഷത്തിന്റെ ഈ അന്തഃസ്തിതമായ മൂലകം ഇന്നത്തെ അനേകം ക്രിസ്ത്യാനികളാലും അവഗണിക്കപ്പെട്ടിരിക്കുന്നു.
സുവിശേഷത്തിനുള്ളിൽ ഒരു ആന്തരിക വിത്തുണ്ട്, സുവിശേഷത്തിന്റെ അന്തഃസ്തിത മൂലകമായ ഈ വിത്ത്, ദൈവ-മനുഷ്യനാണ്. നാം സുവിശേഷം പ്രസംഗിക്കുമ്പോഴെല്ലാം, നമ്മെ ശ്രവിക്കുകയും നമ്മുടെ വചനം സ്വീകരിക്കുകയും ചെയ്യുന്നവർക്ക് നാം ക്രിസ്തുവിനെ ശുശ്രൂഷിക്കേണ്ടതുണ്ട്, കാരണം സുവിശേഷത്തിനുള്ളിൽ ഒരു അന്തഃസ്തിത മൂലകം ഉണ്ട്. ഒരു വ്യക്തി സുവിശേഷം സ്വീകരിക്കുമ്പോഴെല്ലാം, വിത്തായി, സുവിശേഷത്തിന്റെ അന്തഃസ്തിത മൂലകമായ, ജഡാവതാരം ചെയ്ത ദൈവത്തെ സ്വീകരിക്കുന്നു. ഒരു വ്യക്തി സുവിശേഷം സ്വീകരിക്കുന്നിടത്തോളം, അവൻ സുവിശേഷത്തിന്റെ വിത്ത് സ്വീകരിക്കുന്നു എന്നാണ് ഇതിന്റെ അർഥം. സുവിശേഷത്തിലൂടെ ജഡാവതാരം ചെയ്ത ദൈവം അവന്റെ ആളത്തത്തിലേക്ക് വിതയ്ക്കപ്പെടുന്നു.

**രാജ്യത്തിന്റെ ജീൻ**

ഈ കാര്യം വ്യക്തമാക്കുന്നതിന്, ജീവശാസ്ത്രത്തിൽ നിന്ന് ഒരു പദം കടമെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പദം *ജീൻ* എന്ന വാക്കാണ്. നമ്മുടെ ആളത്തത്തിലേക്ക് വിതയ്ക്കപ്പെട്ട മനുഷ്യത്വത്തിലുള്ള ത്രിയേക ദൈവം രാജ്യത്തിന്റെ ജീനാണ്. മനുഷ്യ ജീനുകളില്ലാതെ മനുഷ്യജീവൻ അസാധ്യമാണെന്ന് നമുക്കറിയാം. നമ്മുടെ ജനനം, നമ്മുടെ അസ്തിത്വം, നമ്മുടെ നിലനിൽപ്പ് എന്നിവയെല്ലാം ഒരു ജീനിൽ നിന്നാണ് വന്നത്. മനുഷ്യത്വത്തിലുള്ള ത്രിയേക ദൈവം രാജ്യത്തിന്റെ ജീനായിരിക്കുവാൻ നമ്മിലേക്ക് വിതയ്ക്കപ്പെട്ടിരിക്കുന്നുവെന്ന് ഇപ്പോൾ നാം കാണണം. ഈ ജീൻ നമ്മുടെ ഉള്ളിലുള്ളതിനാൽ കർത്താവിനെ സ്തുതിക്കുക! ഒടുവിൽ, ഈ ജീനിൽ നിന്ന് രാജ്യം ഉളവാകും.
ആദ്യം, രാജ്യം സുവിശേഷത്തിന്റെ ഫലമാണ്, പിന്നെ അത് സുവിശേഷത്തിന്റെ ലക്ഷ്യമാണ്. ഫലത്തിനും ലക്ഷ്യത്തിനും ഇടയിൽ നമുക്ക് സഭയുണ്ട്. സഭ എന്താണെന്ന് നിങ്ങൾക്ക് അറിയാമോ? സഭ രാജ്യത്തിന്റെ ജീനിന്റെ ഫലത്തിന്റെ തുടർച്ചയാണ്.
ഇന്നത്തെ പല ക്രിസ്ത്യാനികളുടെയും ഉപരിപ്ലവമായ ഗ്രാഹ്യത്തിൽ നിന്ന് തീർച്ചയായും വ്യത്യസ്തമാണ് രാജ്യത്തെക്കുറിച്ചുള്ള ഈ ധാരണ. ഒരു ദിവസം ത്രിയേക ദൈവം ദൈവ-മനുഷ്യനായ യേശു ക്രിസ്തു എന്ന മനുഷ്യനായിത്തീർന്നതായി നാം കണ്ടു. മർക്കൊസ് 2-ൽ തളർവാതരോഗിയോട് ക്ഷമിക്കുന്നതിൽ, കർത്താവായ യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും പ്രകടമായി. ഇപ്പോൾ ഇവൻ, സുവിശേഷഘോഷണത്തിലൂടെ നമ്മിലേക്ക്

വിതയ്ക്കപ്പെട്ടിരിക്കുന്നു. ഇന്ന് നമുക്ക് അവനെ ബന്ധപ്പെടാൻ, മർക്കൊസ് 2-ൽ തീക്ഷ്ണതയുള്ളവർ ചെയ്തതുപോലെ ആരും മേൽക്കൂര തകർക്കേണ്ട ആവശ്യമില്ല. കർത്താവ് നമ്മുടെ ഹൃദയത്തിലേക്ക് വിതയ്ക്കപ്പെട്ടിരിക്കുന്നു! നമ്മിലേക്ക് വിതയ്ക്കപ്പെട്ടവൻ മനുഷ്യത്വത്തിലുള്ള ത്രിയേക ദൈവമെന്ന, രാജ്യത്തിന്റെ ജീനാണ്. ഈ അത്ഭുവാൻ നമ്മുടെ ദൈവവും കർത്താവും രക്ഷകനും വീണ്ടെടുപ്പുകാരനും യജമാനനും ജീവനുമാണ്.

രാജ്യത്തിന്റെ ജീനെന്ന നിലയിൽ ദൈവ-മനുഷ്യൻ നമ്മിലേക്ക് വിതയ്ക്കപ്പെട്ടിരിക്കുന്നതിനാൽ, നാം സ്വതേ പരസ്പരം സ്നേഹിക്കുകയും അത്ഭുതകരമായ കൂട്ടായ്മ ആസ്വദിക്കുകയും ചെയ്യുന്നു. കർത്താവിന്റെ പ്രത്യുധാരത്തിലുള്ള സഭ വ്യത്യസ്ത വംശങ്ങളുടെയും രാഷ്ട്രങ്ങളുടെയും സംസ്കാരങ്ങളുടെയും യഥാർഥ ഉരുകൽ കലമാണെന്ന് നമുക്ക് പറയാം. യഥാർഥത്തിൽ, നമ്മൾ ഒന്നിച്ച് ഉരുകുക മാത്രമല്ല—നമ്മൾ സമന്വയപ്പെടുകയും ഇഴുകിച്ചേരുകയും ചെയ്യുന്നു. നമ്മൾ പരസ്പരം സ്നേഹിക്കുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? നമ്മൾ പരസ്പരം സ്നേഹിക്കുന്നത് നമ്മുടെ ഉള്ളിലുള്ള ജീൻ കാരണമാണ്. നാം പരസ്പരം സ്നേഹിക്കുന്ന മൂലകം ഈ ജീനിൽ അടങ്ങിയിരിക്കുന്നു.

അനുദിനം നമ്മുടെ ഉള്ളിൽ രാജ്യത്തിന്റെ വിത്ത് വളരുകയും വികസിക്കുകയും ചെയ്യുന്നു. ഈ വിത്ത്, ഈ ജീൻ, നമ്മിൽ വിതയ്ക്കപ്പെട്ടിരിക്കുന്നുവെന്നും ഇത് മനുഷ്യത്വത്തിലുള്ള സാക്ഷാൽ ദൈവമായ, ത്രിയേക ദൈവമാണെന്നുമുള്ള വസ്തുതയാൽ നാമെല്ലാവരും മതിപ്പുള്ളവരാകുവാൻ ഞാൻ ഭാരപ്പെട്ടിരിക്കുന്നു. പക്ഷവാതക്കാരനോടു ക്ഷമിച്ചവൻ ഇപ്പോൾ രാജ്യത്തിന്റെ വിത്തായി നമ്മിലുണ്ട്.

ഓ, ഈ സുവാർത്ത മറ്റുള്ളവരെ അറിയിക്കാൻ നമുക്കെല്ലാവർക്കും ഭാരമുണ്ടാകട്ടെ! നമ്മൾ പലതും മറന്നേക്കാം, എന്നാൽ നമ്മുടെ ഉള്ളിലുള്ള ജീനിനെ നമ്മൾ എല്ലാവരും ഓർക്കണം. മനുഷ്യത്വത്തിലുള്ള ത്രിയേക ദൈവം, വളരാനും വികസിക്കാനും രാജ്യത്തിൽ പരിണമിക്കുവാനുമുള്ള ജീവിതത്തിന്റെ വിത്തായി നമ്മിലേക്ക് വിതയ്ക്കപ്പെട്ടിരിക്കുന്നു. അപ്പോൾ രാജ്യം സുവിശേഷത്തിന്റെ ഫലവും സുവിശേഷത്തിന്റെ ലക്ഷ്യവുമായിരിക്കും. ഫലത്തിനും ലക്ഷ്യത്തിനുമിടയിൽ, നമ്മുടെ ഉള്ളിലുള്ള അത്ഭുതകരമായ ജീനിന്റെ ഫലത്തിന്റെ തുടർച്ചയായി നമുക്ക് സഭാജീവിതമുണ്ട്. (*Life-study of Mark, pp.* 124-128)

**ഏഴ് മുദ്രകൾ**

### ആദ്യത്തെ നാല് മുദ്രകൾ—നാല് കുതിരകൾ അവയുടെ സവാരിക്കാരോടൊപ്പം, നാല് കുതിരയോട്ടത്തിൽ ഓടുന്നു

ആദ്യത്തെ നാല് മുദ്രകൾ നാല് കുതിരകൾ അവയുടെ സവാരിക്കാരോടൊപ്പം നാല് കുതിരയോട്ടത്തിൽ ഓടുന്നു (വെളി. 6:1-8). നാല് സവാരിക്കാരും യഥാർഥ വ്യക്തികളല്ല, മറിച്ച് വ്യക്തിവൽക്കരിക്കപ്പെട്ട കാര്യങ്ങളാണ്.

#### *ഒന്നാമത്തെ മുദ്ര—ഒരു വെള്ളക്കുതിരയും അതിന്റെ സവാരിക്കാരനും, സുവിശേഷത്തിന്റെ വ്യാപനത്തെ സൂചിപ്പിക്കുന്നു*

ഒന്നാമത്തെ മുദ്ര ഒരു വെളുത്ത കുതിരയും അതിന്റെ സവാരിക്കാരനുമാണ്, ഇത് സുവിശേഷത്തിന്റെ വ്യാപനത്തെ സൂചിപ്പിക്കുന്നു (വാ. 1-2). വെളിപ്പാട് 6:2 പറയുന്നു, "ഒരു വെള്ളക്കുതിരയെ ഞാൻ കണ്ടു, അതിന്മേൽ ഇരിക്കുന്നവന് ഒരു വില്ല് ഉണ്ട്; അവനു ഒരു കിരീടവും നൽകി, അവൻ കീഴടക്കിക്കൊണ്ടും കീഴടക്കുവാനും പുറപ്പെട്ടു."

*സമാധാനത്തിന്റെ സുവിശേഷത്തിന്റെ സംരചനയ്ക്കായുള്ള ക്രിസ്തുവിന്റെ പോരാട്ടം*

*അവസാനിച്ചുവെന്നും വിജയം നേടിയെന്നും വില്ല് സൂചിപ്പിക്കുന്നു*

അമ്പുള്ള വില്ല് യുദ്ധത്തിനുള്ളതാണ്. എന്നാൽ ഇവിടെ അമ്പില്ലാത്ത വില്ലുണ്ട്. ശത്രുവിനെ നശിപ്പിക്കാനുള്ള അമ്പ് എയ്തുകഴിഞ്ഞെന്നും സമാധാനത്തിന്റെ സുവിശേഷത്തിന്റെ സംരചനയ്ക്കായുള്ള ക്രിസ്തുവിന്റെ പോരാട്ടം അവസാനിച്ചുവെന്നും വിജയം നേടിയിരിക്കുന്നുവെന്നും ഇത് സൂചിപ്പിക്കുന്നു.

*സുവിശേഷം ക്രിസ്തുവിന്റെ തേജസ്സിനാൽ കിരീടമണിഞ്ഞിരിക്കുന്നു എന്ന് കിരീടം സൂചിപ്പിക്കുന്നു*

സുവിശേഷം ക്രിസ്തുവിന്റെ തേജസ്സിനാൽ കിരീടമണിഞ്ഞിരിക്കുന്നു എന്ന് കിരീടം സൂചിപ്പിക്കുന്നു (2 കൊരി. 4:4). ഇന്ന് നാം പ്രസംഗിക്കുന്ന സുവിശേഷത്തിന് ഒരു കിരീടമുണ്ട്, ഈ കിരീടം ക്രിസ്തുവിന്റെ തേജസ്സാണ്. സുവിശേഷം പ്രസംഗിക്കുമ്പോൾ നമുക്ക് ലജ്ജ തോന്നരുത്. മറിച്ച്, നമുക്ക് തേജോമയമായ അനുഭൂതി ഉണ്ടാകണം. സുവിശേഷം പ്രസംഗിക്കുക എന്നത് തേജോമയമായ കാര്യമാണ്. സുവിശേഷം പ്രസംഗിക്കുന്നവർ വെള്ളക്കുതിരയുടെ സവാരിക്കാരായിത്തീരുന്നു.

*കീഴടക്കിക്കൊണ്ട് പുറപ്പെട്ടു എന്നത് എല്ലാത്തരം എതിർപ്പുകളെയും ആക്രമണങ്ങളെയും കീഴടക്കാൻ സുവിശേഷം ക്രിസ്തുവിനോടൊപ്പം മുന്നോട്ട് പോവുകയാണെന്ന് സൂചിപ്പിക്കുന്നു*

*കീഴടക്കിക്കൊണ്ട് പുറപ്പെട്ടു* എന്നത് സൂചിപ്പിക്കുന്നത് എല്ലാത്തരം എതിർപ്പിനെയും ആക്രമണങ്ങളെയും കീഴടക്കാൻ സുവിശേഷം ക്രിസ്തുവിനോടൊപ്പം മുന്നോട്ട് പോകുന്നു എന്നാണ്. 1949-ൽ ഞാൻ ചൈന വൻകര വിട്ടപ്പോൾ അവിടെ നൽപത് ലക്ഷത്തിൽ താഴെ ക്രിസ്ത്യാനികളേ ഉണ്ടായിരുന്നുള്ളൂ. കമ്മ്യൂണിസ്റ്റുകൾ അധികാരം ഏറ്റെടുത്തപ്പോൾ, ക്രിസ്ത്യാനികളാകാൻ ആഗ്രഹിക്കുന്ന ആരെയും എതിർക്കാനും നിയന്ത്രിക്കാനും പീഡിപ്പിക്കാനും അവർ പരമാവധി ശ്രമിച്ചു. അത്തരം എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും, ഇന്ന് ചൈന വൻകരയിൽ കുറഞ്ഞത് അഞ്ചു കോടി ക്രിസ്ത്യാനികൾ ഉണ്ട്. കഴിഞ്ഞ നാല്പതു വർഷമായി അവിടെ സുവിശേഷം നേടിയ വിജയമാണ് ഇത് കാണിക്കുന്നത്. എല്ലാ തലമുറകളിലൂടെയും വിജയിയായ ക്രിസ്തുവിനോടുകൂടെ സുവിശേഷം മുമ്പോട്ടു പോയികൊണ്ടിരിക്കുന്നു.

ബൈബിൾ പ്രകാരം പാപികളെ രക്ഷിക്കാൻ നാം സുവിശേഷം പ്രസംഗിക്കണം. നാമെല്ലാവരും ഫലം കായ്ക്കണം. ഇത് തിരുവെഴുത്തിൻപ്രകാരമാണെന്ന് നാം സമ്മതിച്ചേക്കാമെങ്കിലും, നാം ഒരു ഫലവും കായ്ക്കണമെന്നില്ല. ഇതിനർഥം നമ്മൾ വെള്ളക്കുതിരയിലല്ല എന്നാണ്. നമ്മൾ സുവിശേഷം പ്രസംഗിക്കുകയാണെങ്കിൽ, നമ്മുടെ താൽപ്പര്യം ദൈവരാജ്യത്തിലാണ്. ഈ ഭൂമിയിൽ ഇന്ന് നമ്മുടെ താൽപ്പര്യം എന്താണ്? ദൈവരാജ്യത്തിനായി ക്രിസ്തുവിന്റെ ശരീരം പണിയാൻ ജനം രക്ഷിക്കപ്പെടുവാൻ നാം പരിശ്രമിക്കുന്നവരായിരിക്കണം. ഉപജീവനത്തിനു വേണ്ടി ജോലി ചെയ്യേണ്ടി വരുന്നവരാണ് നമ്മളിൽ ഭൂരിഭാഗവും. എന്നാൽ നമുക്കെല്ലാവർക്കും കർത്താവിന്റെ താൽപ്പര്യത്തിനായി ഒരു നിശ്ചിത സമയം വേർതിരിക്കാം. അവിശ്വാസികൾക്ക് അവരുടെ വിനോദത്തിനും സന്തോഷത്തിനുമായി എപ്പോഴും സമയം ചെലവഴിക്കാനുണ്ട്. എന്നാൽ വിശ്വാസികളായ നമുക്ക് നമ്മുടെ വിനോദമായും സന്തോഷമായും ദൈവമുണ്ട്. സുവിശേഷം പ്രസംഗിക്കാത്തതിന് നമുക്ക് ഒഴികഴിവില്ല. സുവിശേഷത്തിന്റെ വ്യാപനത്തിനായി നാം വെള്ള കുതിരപ്പുറത്തായിരിക്കണം. (*The Collected Works of Witness Lee,* 1990*, vol.* 3*, "The Prophecy of the Four 'Sevens' in the Bible," pp.* 22-23)